നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്. ഇത് പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലുള്ളതായി കരുതുന്നില്ല

സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും

184 (524) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷത്തിൽ ആദ്യത്തെ ആറ് മാസം സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിച്ചത് താഴെ പറയുന്നവയുടെ കാര്യത്തിൽ എത്ര കോടി വീതമായിരുന്നു ; അവ ഓരോന്നും ആ കാലയളവിൽ പിരിഞ്ഞുകിട്ടിയത് എത്ര കോടി വീതമായിരുന്നു ; വിശദമാക്കാമോ ; (1) ലാൻറ് റവന്യൂ, (2) സ്റ്റാംപ്സ് ആന്റ് രജിസ്ട്രേഷൻ (3) അദർ ടാക്സസ് ഓൺ പ്രോപ്പർട്ടി ടാക്സ് ഓൺ കമോഡിറ്റീസ് ആന്റ് സർവ്വീസസ് (1) സ്റ്റേറ്റ് എക്സൈസ് (2) സെയിൽ ടാക്സ് ആൻറ് വി.എ.ടി (3) 'ടാക്സ്സ് ഓൺ വെഹിക്കിൾസ് (4) ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസഞ്ചേഴ്സ് (5) ടാക്സസ് ഓൺ ഡ്യൂട്ടീസ്?

ഉത്തരം

സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും ഇനത്തിലെ 2014-15 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിച്ചത്), അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 30-9-2014 വരെയുള്ള കാലയളവിൽ ലഭിച്ച വരുമാനം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധരായി ചേർത്തിട്ടുണ്ട്. *

നിർമ്മാണ കരാറുകാരിൽനിന്നും ഈടാക്കുന്ന നികുതികൾ

185 (525) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണ കരാറുകാരിൽ നിന്നും ഈടാക്കി, വരുന്ന നികുതികൾ ഏതെല്ലാമാണെന്ന വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2011-12, 2012-13, 2013-14, എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത നികുതികൾ മുഖേന ലഭിച്ച വരുമാനം സംബന്ധിച്ചും ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ നാളിതുവരെ ലഭിച്ച വരുമാനം സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(സി) ഈ വർഷം പുറപ്പെടുവിച്ച ഓർഡിനൻസുഖേന നികുതിയിനത്തിൽ കോൺട്രാക്ടർമാർക്ക് നൽകിയ ഇളവുകൾ എന്തെല്ലാമെന്നും അതുവഴി വരുമാനത്തിലുണ്ടാവുന്ന കുറവ് എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർമ്മാണ കരാറുകാരിൽനിന്നും മൂല്യവർദ്ധിത നികുതിയാണ് ഈടാക്കുന്നത്. ഒരു നിർമ്മാണ കരാറിൽ കൈമാറ്റം ചെയ്യപ്പെടുന്ന സാധനങ്ങൾക്കാണ് മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി ബാധകമായിട്ടുള്ളത്. കരാർ തുകയിൽനിന്നും ലേബർ, സർവ്വീസ് ചാർജ്ജുകൾ മുതലായവ കുറച്ചതിനുശേഷം കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുക്കളുടെമൂല്യം കണ്ടുപിടിച്ച് അതിന്മേൽ പ്രഖ്യാപിത ചരക്കിന് 5 ശതമാനം, അല്ലാത്തതിന് 14.5 ശതമാനം നികുതിയാണ് സാധാരണ ഗതിയിൽ നിർമ്മാണ കരാറുകൾ നൽകുന്നത്. ഇതല്ലാതെ മൊത്തം കരാർ തുകയുടെമേൽ ഒരു നിശ്ചിത ശതമാനം നികുതി നൽകി കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി ഒടുക്കാവുന്ന ഓപ്ഷനും നിർമ്മാണ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ഇതാണ് കരാർ മേഖലയിൽ നിലനിൽക്കുന്ന നികുതി ഘടന.

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) കേരള ധനകാര്യനിയമം 2014-ൽ വന്ന ഭേദഗതി അനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്ര വില്പന നികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷൻ ഉള്ളവരോ ചരക്കുകൾ കൊണ്ട് വരുമ്പോൾ മൊത്തം കരാർ തുകയുടെ 6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽനിന്നും വാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് വാറ്റ് നിയമത്തിലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഗവൺമെന്റ് കരാറുകാരുടെ കോമ്പൗണ്ടഡ് നികുതി 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിച്ചിരുന്നു. പ്രസ്തുത ഭേദഗതിയുടെ ഫലമായി ഉണ്ടായിട്ടുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കരാറുപണിക്കാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും തൽഫലമായി

LIBRARY ARCHIVES Kerala Legislative Assembly

നികുതി വരുമാനത്തിൽ നഷ്ടം ഉണ്ടാകാത്തവിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർ പണിക്കാരുടെ കോമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7 ശതമാനം ആയും 4 ശതമാനം എന്നത് 5 ശതമാനമായും 3 ശതമാനം എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. വാങ്ങൽ നികുതി ഒഴിവാക്കിയതിനെ തുടർന്നുണ്ടാകാവുന്ന റവന്യൂ നഷ്ടം കോമ്പൗണ്ട് നികുതി ഒരു ശതമാനം ഉയർത്തിയതിലൂടെ പരിഹരിക്കുമെന്നതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല

സാമ്പത്തിക പ്രതിസന്ധിയും നിയമന നിരോധനവും

186 (526) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്ത് വിവിധ തസ്തികകളിലായി 30,000 ജീവനക്കാർ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ ;

(ബി) സംസ്ഥാനത്ത് നിയമന നിരോധനം നിലനിൽക്കുന്നുണ്ടോ ; പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വകുപ്പ് തലവൻമാരെ ഏകോപിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി 30,000 താത്ക്കാലിക തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 19-9-2014 ലെ സ.ഉ.(പി) നമ്പർ 400/2014/ധന പ്രകാരം 2014-15 വർഷത്തിൽ ഇത്തരം അധിക തസ്തികകളുടെ 25% റദ്ദ് ചെയ്യാൻ ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

LIBRARY ARCHIVES Kerala Legislative Assembly